**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 564** **28-06-2022 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെത്തിയിട്ടുള്ള നിക്ഷേപവും സൃഷ്ടിച്ച തൊഴിലവസരവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ.കെ.ടി.ജലീൽ,<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ഡോ സുജിത് വിജയൻപിള്ള,<br>ശ്രീ. കെ. പ്രേംകുമാർ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ കാലയളവിൽ വകുപ്പിന് കീഴിൽ സംസ്ഥാനത്തെത്തിയിട്ടുള്ള നിക്ഷേപം സംബന്ധിച്ച വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | വിലയിരുത്തിയിട്ടുണ്ട്.<br><br>വിവിധ ഏജൻസികൾ വഴി 5449.95 കോടി രൂപയുടെ നിക്ഷേപം ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാനത്ത് വന്നിട്ടുണ്ട്.<br><br>വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെ എം ഐ എസ് സംവിധാനത്തിലെയും സംരംഭക വർഷം പോർട്ടലിലെയും കണക്കുകൾ പ്രകാരം ഈ സർക്കാരിന്റെ കാലയളവിൽ സൂക്ഷ്മ ചെറുകിട ഇടത്തരം മേഖലയിൽ നാളിത് വരെ 35,480 സംരംഭങ്ങൾ വഴി 2,955 കോടി രൂപയുടെ നിക്ഷേപം കൊണ്ട് വന്നിട്ടുണ്ട്.<br><br>2021-22 സാമ്പത്തിക വർഷം കെ. എസ്. ഐ. ഡി. സി. 132 വ്യവസായ സംരംഭങ്ങൾക്ക് ലോൺ ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത സംരംഭങ്ങൾ സമർപ്പിച്ച പ്രോജക്ട് റിപ്പോർട്ട് പ്രകാരം 895.29 കോടി രൂപയുടെ നിക്ഷേപം ലഭിച്ചിട്ടുണ്ട്.<br><br>കിൻഫ്രയുടെ വിവിധ വ്യവസായ പാർക്കുകളിൽ 1599.66 കോടി രൂപയുടെ സ്വകാര്യനിക്ഷേപം വന്നിട്ടുണ്ട്. |
| (ബി) | ഇക്കാലയളവിൽ സൃഷ്ടിച്ചിട്ടുള്ള തൊഴിലവസരങ്ങൾ സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ; വിശദാംശം നൽകാമോ; | (ബി) | ഉണ്ട്<br><br>വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെ എം ഐ എസ് സംവിധാനത്തിലെയും സംരംഭക വർഷം പോർട്ടലിലെയും കണക്കുകൾ പ്രകാരം ഈ സർക്കാരിന്റെ കാലയളവിൽ സൂക്ഷ്മ ചെറുകിട ഇടത്തരം മേഖലയിൽ നാളിത് വരെ 35,480 |

| | | | |
|---|---|---|---|
| | | | **സംരംഭങ്ങൾ വഴി 1,00,184 തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്**<br><br>**2021-22 സാമ്പത്തിക വർഷം കെ. എസ്. ഐ. ഡി. സി. ആരംഭിച്ച സംരംഭങ്ങൾ പ്രകാരം 2959 പേർക്ക് തൊഴിൽ ലഭ്യമായിട്ടുണ്ട്.**<br><br>**ഈ കാലയളവിൽ കിൻഫ്രയുടെ വിവിധ വ്യവസായ പാർക്കുകളിൽ അലോട്ട് ചെയ്യപ്പെട്ട ഭൂമിയുടെ സംരംഭങ്ങൾ പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാകുമ്പോൾ 22,171 തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുമെന്നാണ് കരുതുന്നത്** |
| (സി) | മീറ്റ് ദി ഇൻവെസ്റ്റേഴ്സ് പരിപാടിയോടനുബന്ധിച്ച് ലഭിച്ച നിക്ഷേപ വാഗ്ദാനങ്ങളിന്മേൽ സ്വീകരിച്ചു വരുന്ന തുടർ നടപടികളുടെ വിശദാംശം നൽകുമോ? | (സി) | മീറ്റ് ദ ഇൻവെസ്റ്റർ പരിപാടിയിൽനിന്നും പരിണമിക്കുന്ന പദ്ധതികളുടെ തുടർനടപടികൾ സുഗമമാക്കുന്നതിനും അവർക്ക് നിയമപരമായി സാധ്യമായ എല്ലാ സഹായങ്ങളും ചെയ്തു കൊടുക്കുന്നതിനും കെ. എസ്. ഐ. ഡി. സി.-യെയും, കിൻഫ്രയെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. മറ്റു വകുപ്പുകളിൽ നിന്നുമുള്ള നടപടികളോ അനുമതികളോ ആവശ്യമായ ഘട്ടങ്ങളിൽ അവ സുഗമമാക്കാൻ അതതു മന്ത്രിമാരുമായി നേരിട്ട് തന്നെ ചർച്ച നടത്തി സഹകരണം ഉറപ്പാക്കുകയും ചെയ്തുവരുന്നു. |

സെക്ഷൻ ഓഫീസർ